## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1045 12/07/2016 -ൽ മറുപടിയ്ക്ക്

# കാർഷിക മേഖലയുടെ പുനരുദ്ധാരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റോഷി അഗസ്റ്റിൻ**<br>**,, മോൻസ് ജോസഫ്**<br>**,, സി.എഫ്.തോമസ്**<br>**ഡോ.എൻ. ജയരാജ്** | **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിന് സർക്കാർ ഏതെങ്കിലും പുതിയ നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | എ) കാർഷിക മേഖലയ്ക്ക് ഒരു പുത്തൻ ഉണർവ്വ് നല്കുന്നതിനുതകുന്ന നിലയിലുള്ള ശാസ്ത്രീയവും, സമഗ്രവുമായ ജൈവ കാർഷിക നയം രൂപീകരിക്കുന്നതാണ്. |
| ബി) കാർഷിക വിളകളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് നിലവിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചതെന്ന് വെളിപ്പെടുത്താമോ; | ബി) നെൽ കൃഷി വികസന പദ്ധതി, നാളികേര വികസന പദ്ധതി, പച്ചക്കറി കൃഷി വികസന പദ്ധതി, സുഗന്ധവിള വികസന പദ്ധതി, ജൈവ കൃഷി പദ്ധതി, മണ്ണിന്റെ ആരോഗ്യ പരിപാലന പദ്ധതി, വിള ആരോഗ്യ പരിപാലന പദ്ധതി എന്നിവയാണ് കാർഷിക വിളകളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് നിലവിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ . |
| സി) കാർഷിക വിളകളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള സാങ്കേതിക വിദ്യ കർഷകരിലേക്ക് എത്തിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവയേതെല്ലാം;<br><br>ഡി) ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു പദ്ധതി സർക്കാർ ആവിഷ്കരിക്കുമോ; എന്ന് വ്യക്തമാക്കാമോ? | സി) & ഡി) ഉണ്ട്. കാർഷിക വിളകളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള സാങ്കേതിക വിദ്യ കർഷകരിലേക്ക് എത്തിക്കുന്നതിന് കാർഷിക വിജ്ഞാന വ്യാപനം, ഹൈടെക് അഗ്രിക്കൾച്ചർ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

S. [signature]

**സെക്ഷൻ ഓഫീസർ**